പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.270 13/03/2020 ൽ മറുപടിയ്ക്ക്

## പത്താം ക്ലാസ് പരീക്ഷ എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ. എം.ഉമ്മർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മട്ടാഞ്ചേരി മൂലങ്കുഴി അരൂജാസ് ലിറ്റിൽ സ്റ്റാർ സ്കൂൾ അധികൃതരുടെ അനാസ്ഥമൂലം ഇരുപത്തൊമ്പത് വിദ്യാർത്ഥികൾക്ക് സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷ എഴുതാൻ സാധിക്കാതെ വന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കുട്ടികളെയും രക്ഷിതാക്കളെയും വഞ്ചിച്ച സ്കൂൾ അധികൃതർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കാമോ; | (ബി) അനധികൃതമായും അംഗീകാരമില്ലാതെയും പ്രവർത്തിക്കുന്ന അരുജാസ് ലിറ്റിൽ സ്റ്റാർസ് സ്കൂൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി, കുട്ടികൾക്ക് പത്താം ക്ലാസ് പരീക്ഷ എഴുതാൻ സാധിക്കാത്ത വിവരം പുറത്ത് വരുന്നതിന് മുൻപ് തന്നെ, 20.02.2020 തീയതിയിൽ എൻ.എസ്(2)/76423/2016/ ഡി.ജി.ഇ നമ്പർ കത്ത് പ്രകാരം എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. |
| (സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനു മുൻപ് ആ സ്കൂളിന് എൻ.ഒ.സി യോ അഫിലിയേഷനോ ഉള്ളതാണോയെന്ന് ഉറപ്പു വരുത്തണമെന്ന് രക്ഷാകർത്താക്കൾക്ക് മുന്നറിയിപ്പ് നൽകികൊണ്ട് മാധ്യമങ്ങളിൽ ഔദ്യോഗിക മായി വാർത്തകൾ എല്ലാ വർഷവും നൽകി വരുന്നു. അതുപോലെ സർക്കാർ എൻ.ഒ.സി നൽകിയിട്ടുള്ള സി.ബി.എസ്.ഇ സ്കൂളുകളുടെ വിവരം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ